**പതിനാലാം കേരള നിയമസഭ**

**പതിനാൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2384** **12.03.2020 ൽ മറുപടിയ്ക്ക്**

**വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | (എ) സംസ്ഥാനത്തെ വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിലേറിയതിനു ശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ, മലപ്പുറം കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 78.2952 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ്"റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലെയും വനത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെയും തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവന ചെയ്തിട്ടുണ്ട്. KIFB -യുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. |
| (ബി) | സാമൂഹ്യവനവല്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി കടൽത്തീരത്ത് വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; ഇതിന് അനുയോജ്യമായ ഇനത്തിലുള്ള വൃക്ഷതൈകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | തീരവനം പദ്ധതി പ്രകാരം കടൽ തീരങ്ങളിൽ കാറ്റാടി, ബദാം, ഉങ്ങ്, പൂവരശ്ശ് എന്നീ ഇനങ്ങളിൽപ്പെടുന്ന വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട് |
| (സി) | തീരസംരക്ഷണ നിയമപ്രകാരം സർക്കാർ വീണ്ടെടുക്കുന്ന ഭൂപ്രദേശത്ത് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | തീരസംരക്ഷണനിയമപ്രകാരം വീണ്ടെടുക്കുന്ന ഭൂപ്രദേശത്ത് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്. |

Signature valid
Digitally signed by ANJANA DEVI A G
Date: 2020.03.10 14:[illegible] IST
Reason: Approved

സെക്ഷൻ ഓഫീസർ